## മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
## ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 140**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

മാർത്തോമ്മാ, സി. എസ്. ഐ, സി. എൻ. ഐ, സഭകൾ ചേർന്ന് എല്ലാ വർഷവും നവംബർ മാസത്തിലെ രണ്ടാം ഞായറാഴ്ച സഭൈക്യ പ്രാർത്ഥനാ ദിനമായി ആചരിച്ചുവരികയാണല്ലോ.

ഈ വർഷം ഈ ഐക്യാഘോഷം നവംബർ 10-ാം തീയതി ഞായറാഴ്ചയാണ്. സഭകളുടെ ഐക്യം: ദൈവരാജ്യസാക്ഷ്യത്തിനായ് എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. സഭകളുടെ ഐക്യം ദൈവീക താത്പര്യമാണ്. സഭകൾ ഒന്നാകുക എന്നതിലുപരി വ്യത്യസ്തതകൾ അംഗീകരിച്ച് ദൈവരാജ്യ സാക്ഷ്യം നിർവഹിക്കുക എന്നതാണ് ഐക്യം എന്നതിലൂടെ ലക്ഷ്യമാക്കുന്നത്. വ്യത്യസ്തതയും വൈവിധ്യവും ദൈവീക ദാനമാണ് എന്ന് അംഗീകരിച്ചുകൊണ്ട് നാം ഒരുമയോടെ പ്രവർത്തിക്കണം.

മാർത്തോമ്മാ, സി. എസ്. ഐ, സി. എൻ. ഐ, സഭകൾ ചേർന്നുള്ള സഭൈക്യ പ്രസ്ഥാനമായ കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ (സി. സി. ഐ). യുടെ പ്രവർത്തനം അനുഗ്രഹകരമായി മുമ്പോട്ടു പോകുന്നു. വ്യത്യസ്ത ചരിത്രവും പാരമ്പര്യവും, അനുഷ്ഠാനങ്ങളും ഉള്ള സഭകൾ ഐക്യത്തിന്റെ ആത്മാവിൽ സമൂഹത്തിൽ സാക്ഷ്യം നിർവ്വഹിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കി സഭയിലും സമൂഹത്തിലും ഐക്യം പ്രകടവും സജീവവുമാക്കണം. സഭകൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും പ്രാദേശിക തലങ്ങളിൽ ക്രിസ്തുവിലുള്ള ഐക്യം സാക്ഷ്യപ്പെടുത്തുന്നതിനും ദൗത്യ നിർവ്വഹണത്തിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനും സഹായകരമായ പരിപാടികൾ ആവിഷ്ക്കരിക്കണം. നമ്മുടെ എല്ലാ ഇടവകകളിലും സഭാ ഐക്യത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള വചനശുശ്രൂഷ നടത്തുകയും മാർത്തോമ്മാ, സി. എസ്. ഐ, സി. എൻ. ഐ, ഇടവകാംഗങ്ങളുടെ ഒരുമിച്ചുള്ള ആരാധന, വിശുദ്ധകുർബ്ബാന, പട്ടക്കാരുടെ പുൾപിറ്റ് എക്സ്ചേഞ്ച്, ഐക്യപ്രാർത്ഥന യോഗങ്ങൾ തുടങ്ങിയവ ക്രമീകരിക്കുന്നത് എക്യുമെനിക്കൽ സാക്ഷ്യനിർവഹണത്തിന് പ്രോത്സാഹനമാകും. അന്നേദിവസം ഉപയോഗിക്കുന്നതിനുള്ള ആരാധന ക്രമം സഭാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യയുടെ പ്രവർത്തനങ്ങൾ ഫലപ്രദവും ചലനാത്മകവുമാക്കുന്നതിനും സമകാലിക വെല്ലുവിളികളോട് ക്രിയാത്മകമായി പ്രതികരിക്കുന്നതിനും ഇടയാകട്ടെ. അതിനായി നിർവ്വഹിക്കപ്പെടുന്ന പ്രേഷിതപ്രവർത്തനങ്ങൾ ദൈവനാമ മഹത്വത്തിനായിത്തീരുവാൻ പരിശുദ്ധാത്മാവിന്റെ നടത്തിപ്പും ശക്തിയും ധാരാളമായി അനുഭവമാകുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ,

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2024 ഒക്ടോബർ 15-ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**